ഡിസംബർ 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

മണിപ്പൂരിൽ സംഘർഷവും കൊലപാതകങ്ങളും ശമനമില്ലാതെ തുടരുകയാണ്. കലാപം പൊട്ടി പുറപ്പെട്ടിട്ട് ഒന്നര വർഷം കഴിഞ്ഞിട്ടും ഇന്ത്യയുടെ വടക്ക് കിഴക്കൻ മേഖല ഇപ്പോഴും ശാന്തമാകുന്നില്ല. കേന്ദ്ര- സംസ്ഥാന ഭരണകൂടങ്ങൾ തീർത്തും നിഷ്ക്രിയമായ അവസ്ഥയിലാണ്. ജനപ്രതിനിധികൾപ്പോലും നിരന്തരം ആക്രമിക്കപ്പെടുന്നു. വംശീയ ചേരിതിരുവിനപ്പുറത്തേക്ക് രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക മാനങ്ങളുള്ള ഈ സംഭവത്തിൽ സംസ്ഥാന ഗവണ്മെന്റ് ഒരു പൂർണ പരാജയമായി നിൽക്കുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ സത്വര നടപടികൾ പ്രതീക്ഷിച്ചവർ ഇപ്പോൾ നിരാശരാണ്. എന്തുകൊണ്ടാണ് മണിപ്പൂർ ഇങ്ങനെ എന്ന ചോദ്യം എല്ലാ ഭാഗത്തു നിന്നും ഉയരുന്നു. സംഭവത്തിൽ ചെറുതും വലുതുമായ പങ്കാളിത്തമുള്ള എല്ലാ കക്ഷികളെയും വിശ്വാസത്തിലെടുത്തുള്ള സന്ധി സംഭാഷണങ്ങൾക്ക് സാദ്ധ്യതകൾ ഒരുക്കണം. ഒപ്പം രാഷ്ട്രീയ, സാമൂഹിക, മത പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി സുതാര്യമായ കൂടിച്ചേരലുകൾ ഒരുക്കുന്നത് അഭികാമ്യമായിരിക്കും. പരസ്പര ബഹുമാനവും സാഹോദര്യവും നിലനിന്നെങ്കിൽ മാത്രമേ ആരോഗ്യമുള്ള ഒരു സമൂഹം നിലനിൽക്കൂ എന്ന സത്യം എല്ലാവരും ഓർക്കണം. വംശീയ ചെറുത്തു നിൽപ്പുകളുടെയും സൈനീക അട്ടിമറികളുടെയും ആഭ്യന്തര കലാപങ്ങളുടെയും പര്യായമായി മാറിയ നമ്മുടെ പല അയൽരാജ്യങ്ങളുടെയും ഇന്നത്തെ ദയനീയ സ്ഥിതി നമുക്കൊരു പാഠമാകേണ്ടതാണ്. ദേശരാഷ്ട്രങ്ങളുടെ തന്നെ നിലനിൽപ്പ് എല്ലാ ജനവിഭാഗങ്ങളും തമ്മിലുള്ള പാരസ്പരികതയിലാണെന്ന സത്യം മനസ്സിലാക്കി സംവാദത്തിന്റെയും സമന്വയത്തിന്റെയും വാതായനങ്ങൾ തുറന്നിടണം. വംശീയഹത്യകളുടെയും കലാപങ്ങളുടെയും കാരണങ്ങൾ എന്തുതന്നെയായാലും സമാധാനം പുനഃസ്ഥാപിക്കേണ്ടതാണ്. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും മണിപ്പൂരിലെ കലാപം അവസാനിപ്പിക്കുവാൻ അടിയന്തരമായി നടപടികൾ എടുക്കണം.

എറണാകുളം മുനമ്പത്ത് നീതി തേടുന്ന അറുന്നൂറോളം കുടുംബങ്ങൾ അനിശ്ചിതാവസ്ഥയിലാണ് എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. വിലകൊടുത്ത് വാങ്ങിയ സ്വന്തം ഭൂമിയിൽ അവർക്ക് യാതൊരു അവകാശവുമില്ലാത്ത സാഹചര്യമാണിപ്പോൾ. ഇത് കേരള സമൂഹത്തെ വിവിധ രൂപത്തിൽ അസ്വസ്ഥതയിലാഴ്ത്തുന്നു. കക്ഷി രാഷ്ട്രീയത്തിന്റെ കൂട്ടിക്കിഴിക്കലുകൾക്കിടയിൽ വർഗ്ഗീയതയുടെ നിറം ചാർത്താൻ ശ്രമിക്കുന്നവർ ഏറെയാണ്. കേരള ജനത ഇത്തരം കുൽസിത ശ്രമങ്ങളെ ചെറുക്കേണ്ടത് അത്യന്താപേഷിതമാണ്. വഖഫ് ബോർഡിൻെറ ഭൂമിയാണ് എന്ന രീതിയിലുണ്ടായിട്ടുള്ള തർക്കങ്ങൾ കോടതിക്ക് പുറത്തോ അകത്തോ സമവായ ശ്രമങ്ങളിലൂടെ പരിഹാരം കാണാൻ ശ്രമിക്കണം. ആധികളോ അരക്ഷിതാവസ്ഥകളോ ഇല്ലാതെ അവിടെയുള്ള ജനങ്ങൾക്കും ജീവിക്കുവാനുള്ള സാഹചര്യം ഉണ്ടാകേണ്ടതാണ്. വർഗീയതയും അത് വഴി രാഷ്ട്രീയവും വളർത്താൻ ശ്രമിക്കുന്നവർക്ക് അവസരം നൽകാതെ മുനമ്പത്തെ പ്രശ്നം രമ്യമായി പരിഹരിക്കണം. ഇതൊരു മാനുഷിക പ്രശ്നമായി കണ്ട് പ്രവർത്തിക്കുവാൻ ഭരണാധികാരികളും വിവിധ മത – സാമൂഹ്യ സംഘടനകളും തയ്യാറാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. മുനമ്പം നിവാസികളുടെ ചെറുത്തു നിൽപ്പിന്റെ സമരത്തിന് എല്ലാവിധ ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നതോടൊപ്പം ചർച്ചയ്ക്കുള്ള അവസരങ്ങൾ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വഖഫ് ബോർഡ് പോലെയൊരു ബോർഡ് ക്രിസ്ത്യൻ സമൂഹങ്ങൾക്കും ആവശ്യമാണ് എന്ന മദ്രാസ് ഹൈക്കോർട്ടിന്റെ പരാമർശം ഗുരുതരമായ സ്ഥിതി വിശേഷം സഭകളിൽ സൃഷ്ടിക്കുവാൻ സാധ്യതയുണ്ട്. സഭകളുടെ ആസ്തികൾ കൈകാര്യം ചെയ്യുന്ന രീതികളെ സംബന്ധിച്ച അറിവില്ലായ്മയായിരിക്കാം ഇത്തരം പരാമർശങ്ങൾക്ക് നിമിത്തമായത്. ഗവണ്മെന്റ് നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് സഭ അതിന്റെ ആസ്തികൾ ക്രയവിക്രയം ചെയ്യുന്നത്. എന്നാൽ ബ്രിട്ടീഷ് ഭരണകാലത്തു കൈമാറ്റം ചെയ്ത ചില ഭൂമികളെ സംബന്ധിച്ചുള്ള തർക്കം പ്രൊട്ടസ്റ്റന്റ് സഭകളിൽ നിലവിൽ ഉണ്ട് എന്നതായിരിക്കാം ഇതുപോലെയുള്ള പരാമർശങ്ങൾക്ക് കാരണം. എന്നാൽ വ്യത്യസ്തതകൾ ഏറെയുള്ള സഭാ ഭരണക്രമങ്ങളെ ചില ബോർഡിന്റെ നിയന്ത്രണത്തിന് വിധേയമാക്കുവാ

നുള്ള നിർദ്ദേശം അപ്രായോഗികവും അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നതും കൂടുതൽ തർക്ക വിതർക്കങ്ങളിലേക്ക് നയിക്കുന്നതും ആയിരിക്കും. മാത്രമല്ല ഈ നിർദ്ദേശം ഇന്ത്യയിലെ ന്യൂനപക്ഷങ്ങളായ ക്രൈസ്തവരുടെ ഭരണഘടനാപരമായ അവകാശങ്ങളെ ലംഘിക്കുന്നതാണ്. വരും നാളുകളിൽ സഭകളുടെ ഐക്യ കൂട്ടായ്മകൾ ഇതിനെക്കുറിച്ച് കൂടുതൽ ഗൗരവമായി ചിന്തിക്കേണ്ടത് ഏറെ ആവശ്യമാണ്.

സഭകൾ തമ്മിലുള്ള സംവാദങ്ങളെയും ചർച്ചകളെയും എന്നും പ്രോത്സാഹിപ്പിച്ചിട്ടുള്ള സഭയാണ് മാർത്തോമ്മാ സഭ. എക്യൂമെനിസം എന്നത് ക്രിസ്തു കുടുംബത്തിന് അനിവാര്യമാണെന്നും സ്നേഹത്തിലൂടെ ദൈവരാജ്യ വർദ്ധനവിനു വേണ്ടി പ്രവർത്തിക്കേണ്ടതാണെന്നും തിരിച്ചറിഞ്ഞ് ഇതര സഭകളുമായുള്ള സംവാദങ്ങളിൽ മാർത്തോമ്മാ സഭ ഏർപ്പെടുന്നു. ആരാധനയിൽ പൗരസ്ത്യ പാരമ്പര്യവും ആത്മാവിൽ നവീകരണ ദർശനങ്ങളും ഉൾക്കൊള്ളുന്ന മാർത്തോമ്മാ സുറിയാനി സഭ പാശ്ചാത്യ -പൗരസ്ത്യ സഭകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമാണ് എന്ന് പറയുന്നതിൽ നാം അഭിമാനിക്കണം. ലോകത്തിലെ പല എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളുടെയും രൂപീകരണത്തിലും അതിന്റെ പ്രവർത്തനങ്ങളിലും മാർത്തോമ്മാ വിശ്വാസികൾ നേതൃത്വം കൊടുത്തിരുന്നു എന്നതിലും നമുക്കഭിമാനിക്കാം.

അടുത്തയിടെ നമ്മുടെ ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ എപ്പിസ്കോപ്പൽ സിനഡ് അംഗങ്ങൾ മാർപാപ്പയെ സന്ദർശിച്ചു. മാർത്തോമ്മാ സഭയുടെയും റോമൻ കത്തോലിക്കാ സഭയുടെയും പ്രതിനിധികൾ 2023 ഡിസംബർ 14 ന് ആലുവാ ശാന്തിഗിരിയിൽ ഒരുമിച്ച് കൂടി ചർച്ചകൾ നടത്തിയതിനെ തുടർന്ന്, റോമിൽ നിന്ന് ലഭിച്ച പ്രത്യേക ക്ഷണപ്രകാരമാണ് ഈ സന്ദർശനം ക്രമീകരിച്ചത്. സിനഡിനുള്ള ക്ഷണമായിരുന്നതിനാൽ സിനഡിൽ ചർച്ച ചെയ്ത് സഭയ്ക്കു സാമ്പത്തിക ബാധ്യതകൾ വരുത്താതെ ക്രമീകരിച്ച ഒരു സന്ദർശനമായിരുന്നു ഇത്. സഭയിലെ 8 തിരുമേനിമാർ ഒരുമിച്ച് യാത്ര ചെയ്തതിലെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്ക പലരും പങ്ക് വെച്ചത് സിനഡിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. നമ്മുടെ തിരുമേനിമാരെ ഉപചാരപൂർവ്വം സ്വീകരിച്ച് ആതിഥ്യം നല്കിയ കത്തോലിക്കാ സഭയോടും അഭിവന്ദ്യ ഫ്രാൻസിസ് മാർപ്പാപ്പയോടും സഭയ്ക്കുള്ള നന്ദി അറിയിക്കുന്നു. കത്തോലിക്കാ സഭയുടെയും മാർത്തോമ്മാ സഭയുടെയും പ്രേഷിത പ്രവർത്തനങ്ങളെയും സഭാ സംവിധാനങ്ങളെയും പരസ്പരം അടുത്തറിയുവാനുള്ള ഒരവസരം കൂടിയാണ് ഇത്തരത്തിലുള്ള കൂടിവരവുകളും ചർച്ചകളും. അതിനപ്പുറമായ മാനങ്ങൾ ആരും തന്നെ ഇതിന് പിന്നിൽ ആരോപിച്ചു നൽകുന്നത് ശരിയല്ല. റോമൻ കത്തോലിക്കാ സഭയുമായി ഡയലോഗ് നടത്തുന്നതിനായി ഒരു കമ്മിറ്റിയെ എപ്പിസ്ക്കോപ്പൽ സിനഡ് നിയോഗിച്ചു എന്നത്, 2024 ലെ സഭാ പ്രതിനിധി മണ്ഡലം വാർഷിക റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. 2024 ഡിസംബർ മാസത്തിൽ ഇരു സഭകളുടെയും പ്രതിനിധികൾ വീണ്ടും ഒരുമിച്ച് ചേരുന്നതും ചർച്ചകൾ തുടരുന്നതുമാണ്. ഡയലോഗ് കമ്മിറ്റിയുടെ വിപുലീകരണം മാർത്തോമ്മാ സഭാ കൗൺസിൽ ആലോചിച്ചു. ആയതിന് എപ്പിസ്ക്കോപ്പൽ സിനഡ് വേണ്ട ക്രമീകരണം ചെയ്യുന്നതുമാണ്. ഏതൊരു സഭയുമായും പൂർണ്ണ സംസർഗമുള്ള സഭയായി നാം വളരണമെങ്കിൽ സഭകളുടെ ദൈവശാസ്ത്ര കാഴ്ചപ്പാടുകളെയും ദൗത്യദർശനങ്ങളെയും സംബന്ധിച്ച് അനവധി ചർച്ചകളും സംവാദങ്ങളും കൂടിവരവുകളും നടക്കേണ്ടിയിരിക്കുന്നു എന്നത് എല്ലാവരും തിരിച്ചറിയുകയും വേണം.

ആഗോള ആംഗ്ലിക്കൻ കമ്മ്യൂണിയന്റെ ആത്മീയ നേതാവും കാന്റർബറി ആർച്ച് ബിഷപ്പുമായ മോസ്റ്റ് റവ. ജസ്റ്റിൻ വെൽബി തന്റെ ഔദ്യോഗിക ചുമതലകൾ 2025 ജനുവരി ആദ്യം അവസാനിപ്പിക്കുമെന്ന് അദ്ദേഹത്തിന്റെ ഓഫീസ് അറിയിച്ചിരിക്കുകയാണല്ലോ. പല വർഷങ്ങൾക്ക് മുമ്പ് തന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഒരു സന്നദ്ധപ്രവർത്തകൻ സമ്മർ ക്യാമ്പുകളിൽ നടത്തിയ ശാരീരികവും ലൈംഗികവുമായ പീഡനങ്ങളെക്കുറിച്ച് പോലീസിനോട് പറയുന്നതിൽ പരാജയപ്പെട്ടതിന്റെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്താണ് ആർച്ച് ബിഷപ്പ് രാജി വെയ്ക്കുന്നത്. ആർച്ച് ബിഷപ്പിൽ കൂടെ മാർത്തോമ്മാ സഭയ്ക്കും വിശേഷാൽ ഇംഗ്ലണ്ടിലെ നമ്മുടെ ഇടവകകൾക്കും ലഭിച്ച എല്ലാ സഹായങ്ങൾക്കും പിന്തുണയ്ക്കും നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ഭാവി ജീവിതത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. ഒപ്പം, സഭാ പ്രവർത്തകർ വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും തികഞ്ഞ സംശുദ്ധിയും ഉത്തരവാദിത്തവും പാലിക്കുന്നവരായിരിക്കണം എന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

വയനാട്ടിലെ മുണ്ടക്കൈ-ചൂരൽമല എന്നിവിടങ്ങളിലുണ്ടായ തീവ്രദുരന്തത്തിന്റെ (Disaster of severe nature) ആഘാതത്തിൽ നിന്നും കേരളം ഇനിയും മുക്തമായിട്ടില്ല. എന്നാൽ എസ്.ഡി.ആർ.എഫ്. (State Disaster Response Force) ചട്ട പ്രകാരം നോട്ടിഫൈ ചെയ്ത 12 ദുരന്തങ്ങളിൽ ഒന്നാണ് ഈ ദുരന്തമെന്നും സംസ്ഥാനമാണ് ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതെന്നുമുള്ള കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം നിരാശാജനകമാണ്. തീവ്രദുരന്തങ്ങളിൽ കേന്ദ്രം അനുവദിക്കുന്ന അധിക അടിയന്തര ധനസഹായം കേരളം ആവശ്യപ്പെട്ടപ്പോൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ആവശ്യത്തിനു പണമുണ്ടല്ലോയെന്നാണ് കേന്ദ്രം നൽകിയിരിക്കുന്ന ഔദ്യോഗിക മറുപടി. വയനാട്ടിലെ തീവ്രദുരന്തം കണക്കിലെടുത്ത് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഒരുമിച്ചു പ്രവർത്തിക്കേണ്ടതാണ്. മാർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിലുള്ള പുനരധിവാസ പ്രവർത്തനങ്ങൾ തുടരുന്നു. പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ഒരു പൂർണ്ണ സമയ സോഷ്യൽ വർക്കറെ നിയമിച്ചു. ചുങ്കത്തറ

ആശുപത്രിയുടെ നേതൃത്വത്തിൽ മെഡിക്കൽ പരിശോധന ദുരന്ത ബാധിത പ്രദേശങ്ങളിൽ നടത്തിവരുന്നു. ഇതിലൂടെ ആ പ്രദേശവാസികളുമായി നല്ല ഒരു ബന്ധത്തിലേർപ്പെടുന്നതിനും പ്രവർത്തനങ്ങളെ കൂടുതൽ ഏകോപിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വിവിധ കാരണങ്ങളാൽ ആശങ്കയിൽ കഴിയുന്നവർക്ക് കൗൺസിലിംഗിനുള്ള ക്രമീകരണം ചെയ്യുന്നു. ജീവനോപാധി വിതരണം, ഉന്നത വിദ്യാഭ്യാസ സഹായം എന്നിവയും ഡിസംബറിൽ നല്കത്തക്കവിധം നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

അമേരിക്കയിൽ വീണ്ടും പ്രസിഡൻറായി വരുന്ന ഡോണൾഡ് ട്രംപിനെ അഭിനന്ദിക്കുന്നു. പല വെല്ലുവിളികളാണ് അദ്ദേഹത്തിന്റെ ഭരണകൂടത്തെ കാത്തിരിക്കുന്നത്. ഗാസയിലും ലെബനനിലും ഇസ്രായേലിൻെറ നിരന്തര ആക്രമണങ്ങൾ തുടരുകയാണ്. റഷ്യയുടെ യുക്രൈയ്ൻ അധിനിവേശവും അനന്തമായി നീളുന്നു. ഇക്കാര്യങ്ങളിൽ ട്രംപ് ഭരണകൂടം എന്താണ് ചെയ്യാൻ പോവുന്നത് എന്ന് ലോകരാഷ്ട്രങ്ങൾ ഉറ്റു നോക്കുന്നു. ഭരണത്തിലേക്ക് ഡോണൾഡ് ട്രംപിന്റെ രണ്ടാം വരവ് ആഗോള സാമ്പത്തിക മേഖലയെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച നിർണായക ചോദ്യങ്ങളുമുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് ഡോണൾഡ് ട്രംപ് നാളിതുവരെ നടത്തിയിട്ടുള്ള പ്രസ്താവനകളും തുടർന്നങ്ങോട്ടുള്ള നയരൂപീകരണങ്ങളിൽ പ്രതിഫലിക്കും. ഇത് ആഗോള കാലാവസ്ഥാ സംരക്ഷണ ശ്രമങ്ങൾക്ക് വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കാം എന്നും കരുതുന്നവരുണ്ട്.

സീറോമലബാർ സഭയുടെ ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പായി അഭിവന്ദ്യ മാർ തോമസ് തറയിൽ തിരുമേനി ചുമതലയേറ്റു. ചങ്ങനാശ്ശേരി സ്വദേശിയും അതിരൂപതാംഗവുമായ നിയുക്ത കർദ്ദിനാൾ മാർ ജോർജ്ജ് ജേക്കബ് കൂവക്കാട്ട് മെത്രാപ്പോലീത്തായായി അഭിഷിക്തനായി. തുടർന്ന് നടക്കുന്ന സ്ഥാനാരോഹണ ചടങ്ങിലും ശുശ്രൂഷാ മേഖലകളിലും ദൈവകൃപ ധാരാളമായി അനുഭവിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഇരുവർക്കും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു. കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ്, സാമൂഹ്യ പ്രവർത്തന മേഖലയിലെ ഇടപെടലുകൾക്ക് ഏർപ്പെടുത്തിയ പ്രഥമ കർമ ശ്രേഷ്ഠ പുരസ്കാരത്തിനു തുരുത്തിക്കാട് മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. റെനി കെ ജേക്കബ് അർഹനായി. കവിയൂർ ഞാൽഭാഗം സ്ലീബാ മാർത്തോമ്മാ ഇടവകാംഗമായ ഡോ. സൈറു ഫിലിപ്പ് പരിയാരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായി ചുമതലയേറ്റു. മദ്രാസ് മാർത്തോമ്മാ സിറിയൻ ചർച്ച് (ചെട്പെട്ട്) ഇടവകാംഗം ഷാരോൺ റേച്ചൽ എബി 2024 ലെ ഏഷ്യൻ ചെസ്സ് ചാമ്പ്യൻഷിപ്പിൽ (ഡിസെബിലിറ്റി വിഭാഗം) ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇന്ത്യൻ സൊസൈറ്റി ഓഫ് അഗ്രികൾച്ചറൽ എൻജിനീയേഴ്സ് ദേശീയ ഫെലോഷിപ്പ് നേടിയ ഡോ. മനോജ് പി. സാമുവേൽ നമ്മുടെ ഏഴുമറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമാണ്. ഈ പ്രിയപ്പെട്ടവരുടെ നേട്ടങ്ങളിൽ അവരെ അഭിനന്ദിക്കുകയും തുടർന്നുള്ള ജീവിതത്തിൽ അവരുടെ കർമ്മ സരണികളിൽ കൂടുതൽ പ്രശോഭിക്കുവാൻ ദൈവം കൃപ നല്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. മാർത്തോമ്മാ സഭയുടെ പരിസ്ഥിതി കമ്മീഷൻ സംഘടിപ്പിച്ച പരിസ്ഥിതി ബോധവത്ക്കരണ പ്രവർത്തനങ്ങളുടെയും, പരിസ്ഥിതി പെരുമാറ്റ ചട്ടങ്ങളുടെയും, പ്രസിദ്ധീകരണങ്ങളുടെയും, പ്രകൃതി സൗഹൃദ അതിജീവന പരിപാടികളുടെയും അടിസ്ഥാനത്തിൽ എർത്ത്ഡേ ഇന്റർ നാഷണൽ ഓർഗനൈസേഷൻ ഏർപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ നമ്മുടെ പരിസ്ഥിതി കമ്മീഷൻ കരസ്ഥമാക്കി. കമ്മീഷന്റെ പ്രവർത്തകൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

വളരെ സുദീർഘമായ പഠനത്തിലൂടെയും സമഗ്രമായ വിശകലനത്തിലൂടെയും സഭാ ഭരണഘടനയിൽ കാലികമായ പരിഷ്ക്കരണം ഇപ്പോൾ വരുത്തിയിരിക്കുന്നു. നാളിതുവരെ നിയമാനുസരണം വരുത്തിയിട്ടുള്ള എല്ലാ ഭേദഗതികളും തീരുമാനങ്ങളും ചേർത്ത്, ഭരണഘടന പൂർണ്ണ രൂപത്തിൽ ഇപ്പോൾ പുറത്തിറക്കിയിട്ടുണ്ട്. നിലവിൽ അംഗീകരിക്കപ്പെട്ട ഭേദഗതികളിൽ ഭാഷാശുദ്ധി, ലിംഗവ്യത്യാസം കൂടാതെയുള്ള പ്രയോഗങ്ങൾ, വാക്കുകളുടെ സ്ഥിരത എന്നിവ ഉറപ്പുവരുത്തിയാണ് ഇപ്പോൾ ഭരണഘടന പ്രസിദ്ധീകരിച്ചത്. ഭരണഘടന പരിഷ്കരണത്തിന് നേതൃത്വം നല്കിയ എല്ലാവരെയും അഭിനന്ദിക്കുകയും പ്രത്യേകം നന്ദി അറിയിക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ ഇംഗ്ലീഷ് പരിഭാഷ ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്.

നവംബർ മാസം 14-ാം തീയതി മെത്രാപ്പോലീത്താ എന്ന ചുമതലയിൽ 4 വർഷങ്ങൾ പൂർത്തീകരിപ്പാൻ ദൈവം കൃപചെയ്തു. നാളിതുവരെ എല്ലാവരിൽ നിന്നും ലഭിച്ച നിർലോഭമായ പ്രാർത്ഥനയ്ക്കും പിൻതുണയ്ക്കും പ്രത്യേകമായുള്ള നന്ദി അറിയിക്കുന്നു. കഴിഞ്ഞ ഏതാനും നാളുകളായി എനിക്ക് കാലിന് വേദന അനുഭവപ്പെട്ടിരുന്നു. തിരുവല്ലായിലും വെല്ലൂരിലുമുള്ള വിദഗ്ധ പരിശോധനയിൽ നെർവ് കംപ്രഷൻ ഉണ്ടായിട്ടുണ്ടെന്നും, ഒരു സ്പൈൻ സർജറി ആവശ്യമാണെന്നും മനസ്സിലാക്കി. നവംബർ മാസം 6-ാം തീയതി വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സർജറി നടത്തുകയും ചെയ്തു. ഇപ്പോൾ ഫിസിയോതെറാപ്പി തുടർന്നു വരുന്നു. നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയിൽ തുടർന്നും ഓർക്കണമെന്ന് അറിയിക്കുന്നു.

യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവ ബസേലിയോസ് തോമസ് പ്രഥമൻ തിരുമേനിയുടെ വേർപാട് ക്രൈസ്തവ സമൂഹത്തിനാകമാനം വലിയ ഒരു നഷ്ടം തന്നെയാണ്. തിരുമേനിയുടെ ദേഹവിയോഗത്തിൽ മലങ്കര മാർത്തോമ്മാ

സുറിയാനി സഭയുടെ അഗാധമായ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു. നമ്മുടെ സഭയിലെ സീനിയർ വൈദീകരിലൊരാളായ റവ. റ്റി. റ്റി. ജോസഫ് അച്ചൻ നിര്യാതനായി. സഭയുടെ വിവിധ ശുശ്രൂഷാ മേഖലകളിൽ, പ്രത്യേകിച്ച് മിഷൻ കേന്ദ്രങ്ങളിൽ അച്ചൻ നല്കിയ നിസ്വാർത്ഥ സേവനം സ്മരണീയമത്രെ. ദുഖാർത്ഥരായ കുടുംബാംഗങ്ങളെ സഭയുടെ അനുശോചനം അറിയിക്കുന്നു.

ഒരു ക്രിസ്തുമസ് കൂടി സമാഗതമായി. പരമോന്നതന്റെ പാരിലെ പിറവിയാണല്ലോ ക്രിസ്തുമസ്. മനുഷ്യ ജീവിതത്തിലെ സകല സങ്കീർണതകളെയും ദൈവീക മനസ്സോടെ എങ്ങനെ നേരിടാമെന്നുള്ള സാക്ഷ്യത്തിന്റെ നേർപത്രമാണ് യേശുവിന്റെ ജനനവും, ജീവിതവും മരണവും. ജനിക്കാൻ ഇടം ലഭിക്കാത്തവനു പുൽക്കൂട് നൽകി ഇടം ഒരുക്കുന്ന ദൈവീക ഇടപെടൽ; ഇടം ലഭിക്കാത്ത മനുഷ്യരുടെ ഒരു പ്രതീക്ഷയാണ്. ആരും സഹായമില്ലാത്തിടത്തു ആട്ടിടയരും വിദ്വാന്മാരും സഖിത്വം നൽകുന്നത് കൂട്ടായ്മ ഒരുക്കുന്ന ദൈവ സ്നേഹമാണ്. മനുഷ്യരുടെ സങ്കുചിത ചിന്തകൾക്കും പ്ലാനുകൾക്കുമപ്പുറം നമ്മെ നയിക്കുന്ന ദൈവീക ഇടപെടലിന്റെ ഓർമ്മകളാണ് ക്രിസ്തുമസ്. അതുകൊണ്ടു തന്നെ ലോകത്തിനു പ്രതീക്ഷ പകരുന്നവരായി നാം മാറണം എന്ന് ഓരോ ക്രിസ്തുമസും നമ്മെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുമസിന്റെ എല്ലാവിധ ആശംസകളും അറിയിക്കുന്നു. പ്രതീക്ഷ നഷ്ടപ്പെടുന്നവരുടെ പ്രതീക്ഷയായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സഭ ഇരുപത്തിയഞ്ചു നോമ്പു കാലത്തേക്കു പ്രവേശിച്ചിരിക്കുന്നു. ഡിസംബർ മാസ ധ്യാനങ്ങൾ ക്രിസ്തു ജനന രഹസ്യങ്ങൾ മനനം ചെയ്യുന്നതിനു സഹായിക്കുന്നു. മനുഷ്യ ജീവിതങ്ങളിൽ ക്രിസ്തു ഉരുവാകുന്നതിന് ഈ ധ്യാനങ്ങൾ സഹായകരമായി ഭവിക്കട്ടെ. ഡിസംബർ 1 ഞായറാഴ്ച വേദപുസ്തക ദിനം കൂടെയാണല്ലോ. സുവിശേഷ വിഹിത സഭയായ മാർത്തോമ്മാ സഭ വേദപുസ്തക സമൂഹത്തിന്റെ ശുശ്രൂഷകളെ വിലമതിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. യേശുവിനെ അറിയുന്ന വ്യക്തികളും സമൂഹവും സന്തോഷിക്കും. തന്റെ ഉള്ളിൽ യേശു ഉരുവായ സന്തോഷം പങ്കുവെയ്ക്കാൻ വിശുദ്ധ കന്യകമറിയം എലിശബെത്തിനെ സന്ദർശിക്കുന്ന സംഭവം സുവിശേഷത്തിന്റെ പങ്കു വെയ്ക്കലിന്റെയും സ്വീകരണത്തിന്റെയും മാതൃകയാണ്. ക്രിസ്തുവിനെ ഉള്ളിൽ വഹിക്കുന്നവരുടെ പ്രേഷിത യാത്രകളായി നമ്മുടെ ജീവിതങ്ങൾ മാറട്ടെ.

ഡിസംബർ 8 ഞായറാഴ്ച സ്നാപക യോഹന്നാന്റെ ജനനത്തെ സഭ സ്മരിക്കുന്നു. 'ദൈവിക രക്ഷാപദ്ധതിക്കായി വേർതിരിക്കപ്പെട്ട പൈതലും പരിപോഷിപ്പിക്കുന്ന കുടുംബവും' എന്നതാണ് ധ്യാനവിഷയം. സ്നേഹത്തിന്റെയും സുബോധത്തിന്റെയും ശക്തിയുടെയും ആത്മാവിനെ ധരിച്ചിരിക്കുന്ന ധീരന്മാരുടെ ആവിർഭാവത്തിന് കുടുംബത്തിൽ നിന്നു നല്ല പരിപോഷണം മക്കൾക്കു ലഭിക്കേണ്ടതുണ്ട്. വിശ്വാസ അനുഭവങ്ങളെ ജീവിത ഗന്ധിയായി തലമുറകൾക്കു പങ്കുവെയ്ക്കാൻ കുടുംബങ്ങൾക്കു കഴിയണം. സ്നാപകന്റെ ജനന, നാമകരണ വൃത്താന്തങ്ങൾ നമുക്കു നൽകുന്ന ഉൾകാഴ്ചകൾ പ്രാവർത്തികമാക്കാൻ നമുക്കു കഴിയട്ടെ.

ഡിസംബർ 15 ഞായർ, യോസേഫിനോടുള്ള അറിയിപ്പിനെ ധ്യാനിക്കുന്ന ദിവസമാണല്ലോ. 'യോസേഫ്: ശിഷ്യത്വ മാതൃക' എന്നതാണ് ധ്യാനവിഷയം. വിശ്വാസികൾക്കു ലഭിച്ചിരിക്കുന്ന വിളിയും തിരഞ്ഞെടുപ്പും അധികം ഉറപ്പാക്കാൻ ശ്രമിക്കുന്ന പ്രതികരണങ്ങൾക്കു മാതൃകയാണ് യോസേഫ്. ദൈവിക അരുളപ്പാടുകളെ വ്യക്തി താല്പര്യങ്ങൾക്കും അപ്പുറം സ്വീകരിക്കുന്ന ശൈലിയാണ് യോസേഫ് കാട്ടിത്തരുന്നത്. ഓരോ ജീവിതത്തെക്കുറിച്ചുമുള്ള ദൈവിക ഉദ്ദേശ്യങ്ങൾ അങ്ങനെ മാത്രമേ നിറവേറപ്പെടുകയുള്ളൂ. നോമ്പുകാലം, ദൈവിക ഉദ്ദേശ്യങ്ങൾക്കു വേണ്ടി സ്വയം സമർപ്പിതരാകുന്നവരുടെ എണ്ണം വർദ്ധിച്ചു വരുവാൻ സഹായിക്കട്ടെ.

ഡിസംബർ 22 ഞായറാഴ്ച 'ലോക രക്ഷകന്റെ ആഗമനം' എന്നതാണ് ധ്യാനവിഷയം. ലോകത്തിൽ ഉണ്ടായിരുന്നിട്ടും തിരിച്ചറിയപ്പെടാത്ത ദൈവത്തെ മനുഷ്യ ബോധത്തിനു തിരസ്കരിക്കാൻ കഴിയാത്ത തരത്തിൽ വ്യക്തമാക്കിയ രക്ഷാകര പ്രവൃത്തിയാണ് തിരു അവതാരം. അജ്ഞതയുടെ ഇരുൾ പൂർണമായും ഇല്ലാതാക്കിയ ദൈവിക ഇടപെടൽ ആയിരുന്നു അത്. യേശുവിനെ കൈകൊള്ളുന്നവർക്കു ദൈവമക്കൾ ആകുവാൻ അനുവാദം നൽകിയ ദൈവിക ഇടപെടൽ, ഇന്നും എത്രയോ പ്രസക്തമാണ്. ഇരുട്ടിന്റെ ഇരകൾ ആകാനല്ല, വെളിച്ചത്തിൽ ഇടറാതെ നടക്കുവാനാണ് ദൈവം മനുഷ്യരെക്കുറിച്ച് ആഗ്രഹിക്കുന്നത്. ക്രിസ്തുമസ് കാലം സർവജനത്തിനും മഹാ സന്തോഷകാലമായി തീരട്ടെ.

ഡിസംബർ 29 ഞായറാഴ്ച ഈ വർഷത്തെ അവസാന ഞായറാഴ്ച ആണല്ലോ. ഇത്രത്തോളം നടത്തിയ ദൈവത്തിനു സ്തോത്രം ചെയ്യുന്ന വർഷാവസാന ദിനങ്ങളിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്കു സ്തോത്രം ചെയ്യാം. ജ്ഞാനി, വിവേകി എന്നൊക്കെയുള്ള സ്വയ അഭിമാനങ്ങളിൽ നിന്നും മുക്തമായി ശിശുഭാവത്തോടെ ദൈവസന്നിധിയിൽ ഇരുന്ന്, ദൈവിക നടത്തിപ്പുകൾ സ്വീകരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഏവർക്കും ക്രിസ്തുമസ് – നവവത്സര ആശംസകൾ...

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

Theodosius Malabar

പൂലാത്തീൻ
26.11.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**